മലയാള കഥാകാവ്യങ്ങൾ(ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി.)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പി.എച്ച്.ഡി.
പ്രബന്ധസമർപ്പണത്തിനു മുന്നോടിയായി സമർപ്പിക്കുന്ന
പ്രബന്ധസംഗ്രഹം

ബ്രിൻസി മാത്യു
ദേവമാതാ കോളേജ്
കുറവിലങ്ങാട്

2012

മലയാള കഥാകാവ്യങ്ങൾ (ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി.)

ഭാവനയിലൂടെയും വികാരങ്ങളിലൂടെയുമുള്ള ജീവിത ആഖ്യാനമാണ് കവിത. സാമൂഹികജീവിതത്തെ പ്രതിഫലിപ്പിക്കാനുതകുന്ന ഏറ്റവും ശക്തമായ മാധ്യമ മാണിത്. സമകാലിക സാമൂഹിക യാഥാർത്ഥ്യങ്ങൾ ആവിഷ്ക്കരിക്കുവാനുള്ള വിജയകരമായ ശ്രമത്തിന്റെ ഭാഗമായി വിവിധ കാവ്യശാഖകൾ ഉടലെടുത്തു. വിഷ യത്തെ ആസ്പദമാക്കി കവിതയ്ക്ക് രണ്ട് വിഭാഗങ്ങൾ കല്പിക്കുന്നു. 1. ആത്മ നിഷ്ഠം (subjective) 2. വസ്തുനിഷ്ഠം (objective). വൈയക്തികാനുഭവങ്ങൾ ആവിഷ്ക്കരിക്കുന്ന കവിതയാണ് ആത്മനിഷ്ഠ കവിത. കവി ബാഹ്യലോകത്തിന്റെ പ്രവൃത്തികളും വികാരങ്ങളുമായി കൂടിച്ചേർന്ന് രചിക്കുന്ന കവിതയാണ് വസ്തു നിഷ്ഠ കവിത. ഭാവഗീതികൾ, ഭാവഗാനങ്ങൾ, വിലാപകാവ്യം, ഗീതം, ഗീതകം തുടങ്ങിയവ ആത്മനിഷ്ഠവിഭാഗത്തിൽപ്പെടുന്നു. ആഖ്യാനകവിത, നാടകീയ കവിത എന്നിങ്ങനെ വസ്തുനിഷ്ഠകവിതകളെ രണ്ടായി തിരിക്കാറുണ്ട്. ആഖ്യാന കവിതകളുടെ പ്രമുഖ രൂപങ്ങളാണ് വീരഗാഥകൾ, ഇതിഹാസം, റൊമാൻസ്, കഥാഗാനം, കഥാകാവ്യം, നാടൻപാട്ടുകൾ എന്നിവ.

ആഖ്യാനകവിതയുടെ പ്രധാന വിഭാഗമാണ് കഥാകാവ്യം. കഥയുള്ള കാവ്യ മാണ് കഥാകാവ്യം. ഒരു കഥയുടെ സാന്നിദ്ധ്യം കഥാകാവ്യത്തിന്റെ അടിസ്ഥാന മാണ്. ഒരു കഥയെ വൃത്ത നിബദ്ധമോ സംഗീതാത്മകമോ ആയ പദ നിബന്ധ ത്തിൽ അവതരിപ്പിച്ചാൽ അത് കഥാകാവ്യമാകും. കഥാകാവ്യങ്ങളുടെ പ്രധാന പ്രത്യേകത 'കഥ പറച്ചിൽ' ആണ്. ആദി മധ്യാന്തപൊരുത്തങ്ങൾക്ക് വിധേയമായി ട്ടാണ് വക്താവിനും ശ്രോതാവിനും പ്രാധാന്യമുള്ളതുപോലെ ഒരു കഥാകാവ്യം

സൃഷ്ടിതമാകുന്നത്. കാലത്തിനും, സ്ഥലത്തിനും കഥാകാവ്യങ്ങളിൽ പ്രാധാന്യമുണ്ട്. തികഞ്ഞ സാമൂഹ്യബോധത്തോടെ ഒരു കാലഘട്ടത്തിന്റെയോ, വർഗ്ഗത്തിന്റെയോ വക്താവും പ്രതിനിധിയുമായി കഥാകാവ്യകാരൻ മാറുന്നു. കഥാകാവ്യത്തിലെ നാടകീയമായ ആവിഷ്ക്കരണത്തിന് സംഭാഷണങ്ങളും വർണ്ണനകളും ക്രിയകളും സഹായിക്കുന്നു. കവിതയിൽ കഥാപാത്രങ്ങളെ പ്രത്യക്ഷമാക്കി പ്രതിപാദ്യം തന്റെ മുമ്പിൽ നടക്കുന്നുവെന്ന തോന്നൽ വായനക്കാരിൽ സൃഷ്ടിക്കാൻ കഥാകാവ്യങ്ങൾക്ക് കഴിയും. രംഗത്ത് അവതരിപ്പിക്കാൻ പറ്റിയ സാധ്യതകളും കഥാകാവ്യങ്ങളിലുണ്ട്.

കവിതാ പ്രേമികളുടെ കഥാകൗതുകം ചെറുകഥയിലേയ്ക്കും കഥാപ്രേമികളുടെ ഭാവാഭിമുഖ്യം കവിതയിലേയ്ക്കും സഞ്ചരിച്ചതിന്റെ ഫലമായി ഈ രണ്ടു ധാരകളെയും അനുരഞ്ജിപ്പിക്കാൻ ആഖ്യാനകവിതകൾ പരിശ്രമിച്ചു. അതിൽ മുഖ്യ പങ്കുവഹിച്ചത് കഥാകാവ്യങ്ങളാണ്. കവിതയിൽ കഥ കലർത്തി രചനയിൽ പുതുമ പകരാൻ പല കവികളും ശ്രമിച്ചതിന്റെ ഫലമാണ് കഥാകാവ്യങ്ങൾ. കഥാകാവ്യങ്ങൾ പ്രമേയത്തിലും ആഖ്യാനശൈലിയിലുമെല്ലാം വ്യത്യസ്തത പുലർത്തുന്നു. ഒരു കുടുംബത്തിന്റേയോ, വ്യക്തിയുടെയോ കഥ മാത്രമല്ല, ഒരു സുപ്രധാന സംഭവമോ, സന്ദർഭമോ, പ്രമേയമാക്കിയും കഥാകാവ്യങ്ങൾ ഉണ്ടാകാറുണ്ട്. സംഘർഷവും, നാടകീയതയും, വിനോദവുമൊക്കെ കൂട്ടിയിണക്കി ആഖ്യാനതന്ത്രങ്ങളിൽ വ്യത്യസ്തത പുലർത്തുന്നവയാണ് മിക്കവയും. ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള ഒരു കഥ പറയുന്നതിന്റെ വൈപുല്യം കഥാകാവ്യങ്ങളുടെ പ്രസക്തി എടുത്തു കാട്ടുന്നു. റൊമാന്റിക് കാലഘട്ടത്തിൽ ജീവിതത്തിൽനിന്ന് അകന്നുപോയ കവിതയെ തിരിച്ചുകൊണ്ടുവന്ന് അതിന്റെ സാമൂഹികമാനം വീണ്ടെടുക്കാൻ കഥാകാവ്യങ്ങൾക്ക് കഴിഞ്ഞു. അങ്ങനെ ഒരു സാംസ്കാരികോപാധിയായി

കഥാകാവ്യങ്ങൾ മാറി. നൂതനസംസ്ക്കാരത്തിന്റെ യാന്ത്രികവേഗത്തിൽ സുഗ്രാഹ്യവും സുഗമവുമായ വായനയ്ക്ക് ഇടം നൽകാൻ കഥാകാവ്യങ്ങൾക്കായി.

മലയാളത്തിൽ കഥാത്മകകാവ്യങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ ആശാനും വള്ളത്തോളുമൊക്കെ ഇതിഹാസപുരാണങ്ങളിൽനിന്ന് കഥാംശം സ്വീകരിച്ച് വർത്തമാനകാലത്തിന്റെ അർത്ഥം നൽകി അവതരിപ്പിച്ചിട്ടുണ്ട്. ജി. ശങ്കരക്കുറുപ്പ്, ഇടശ്ശേരി, ഒളപ്പമണ്ണ, എൻ.വി. കൃഷ്ണവാര്യർ, ബാലാമണിയമ്മ തുടങ്ങിയ ഒട്ടുവളരെ കവികൾ മലയാളത്തിന് ഈടുറ്റ കഥാകാവ്യങ്ങൾ നൽകിയവരാണ്. പ്രമേയത്തിന്റെ ഗൗരവംകൊണ്ടും ആഖ്യാനരീതിയുടെ വൈവിധ്യംകൊണ്ടും ശ്രദ്ധേയമാണ് ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി. തുടങ്ങിയവരുടെ കഥാകാവ്യങ്ങൾ. സാമൂഹ്യവീക്ഷണത്തിലും രചനാഘട്ടങ്ങളിലും കവിവ്യക്തിത്വത്തിലും സവിശേഷത പുലർത്തിയ മൂന്നു കവികളാണവർ. മനുഷ്യജീവിതത്തിന്റെ കദനകഥകൾ അവതരിപ്പിക്കാനും സാമൂഹികനന്മ ലക്ഷ്യം വച്ചുകൊണ്ട് രചന നിർവ്വഹിക്കാനും ഇവർ പരിശ്രമിച്ചു. ആശയതലത്തിലും ജീവിതവീക്ഷണത്തിലും ഏറെ സമാനതകൾ പുലർത്തിയ കവികളാണവർ. കവിതയും കാവ്യോദ്ദേശ്യങ്ങളും സാമാന്യജനങ്ങളിൽനിന്ന് അകന്നുപോകുകയും ദുർഗ്രഹത കടന്നുകൂടുകയും ചെയ്യുന്ന വർത്തമാനകാലഘട്ടത്തിൽ ജീവിതത്തെ കൂടുതൽ വ്യാപ്തിയോടെ ആവിഷ്ക്കരിക്കാൻ ശ്രമിച്ച ഇവരുടെ കഥാകാവ്യങ്ങൾ എന്തുകൊണ്ടും ശ്രദ്ധ അർഹിക്കുന്നു. കഥാത്മകമായ മലയാള കാവ്യപാരമ്പര്യത്തിലേയ്ക്ക് മലയാള കവിത തിരിച്ചുവരുന്നതിന്റെ ദിശാസൂചനകളാണ് ഒ.എൻ.വി.യുടെ ഉജ്ജയിനി, സ്വയംവരം തുടങ്ങിയ കാവ്യങ്ങളിൽ കാണുക.

പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും

സാമൂഹികപരിവർത്തനം ലക്ഷ്യമാക്കി രചന നിർവ്വഹിച്ച പുരോഗമനകവികളാണ് ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി എന്നിവർ. അതിനായി അവർ മുഖ്യമായി തിരഞ്ഞെടുത്ത മാധ്യമം കഥാകാവ്യങ്ങളായിരുന്നു. എന്നാൽ ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ടുള്ള ഗൗരവമായ പഠനങ്ങൾ സാഹിത്യലോകത്ത് നടന്നിട്ടില്ല. അതിനാൽ ഈ മൂന്നു കവികളുടെയും പ്രധാന കഥാകാവ്യങ്ങളെ അപഗ്രഥിച്ച്; ആശയതലത്തിലെയും ആഖ്യാനതലത്തിലെയും സവിശേഷതകളെ മുൻനിറുത്തി കഥാകാവ്യങ്ങളുടെ സാധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്തിയെന്ന് അന്വേഷിക്കുകയാണ് 'മലയാളകഥാകാവ്യങ്ങൾ (ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി.)' എന്ന ഗവേഷണത്തിന്റെ ലക്ഷ്യം. കഥാകാവ്യങ്ങളുടെ കാലാതീതമായ ചരിത്രധർമ്മവും പ്രാധാന്യവും ബോധ്യപ്പെടുത്താനും ഈ ഗവേഷണം ലക്ഷ്യം വയ്ക്കുന്നു. ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി. എന്നിവരുടെ കഥാകാവ്യപ്രപഞ്ചത്തെ ആസ്വാദകലോകത്തിന് സുപരിചിതമാക്കാനും, അവരുടെ കഥാകാവ്യങ്ങളിലെ സാജാത്യവൈജാത്യങ്ങൾ കണ്ടെത്താനും ഈ പഠനത്തിലൂടെ ശ്രമിച്ചിരിക്കുന്നു.

പ്രബന്ധസ്വരൂപം

ആറദ്ധ്യായങ്ങളിലാണ് ഈ പഠനം നിർവ്വഹിച്ചിരിക്കുന്നത്.

അദ്ധ്യായം 1

'കഥാകാവ്യം: നിർവ്വചനവും ചരിത്രസഞ്ചാരവും' എന്ന ആദ്യ അദ്ധ്യായത്തിൽ കഥാകാവ്യത്തെ നിർവ്വചിച്ചിരിക്കുന്നു. ഇതരസാഹിത്യരൂപങ്ങളിൽനിന്ന് അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും കണ്ടെത്തിയിരിക്കുന്നു. പ്രമേയം , പ്രവൃത്തി, പാത്രസൃഷ്ടി, സംഭാഷണം, കാവ്യപരിസരം, അവതരണം, വികാരാ

വിഷ്കരണം, കാവ്യാദർശം, ബിംബങ്ങൾ, ശൈലി, ലയപരമായ വികാസം തുടങ്ങിയ കഥാകാവ്യഘടകങ്ങളെയും വിവിധ കഥാകാവ്യസമ്പ്രദായങ്ങളെയും ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നുണ്ട്. തുടർന്ന് കഥാംശം നിറഞ്ഞ ആദ്യകാല മലയാള കാവ്യങ്ങളെയും കഥാകാവ്യ സവിശേഷതകൾ ഉൾക്കൊള്ളുന്ന മലയാള കഥാകാവ്യങ്ങളെയും സാമാന്യമായി പരിചയപ്പെടുത്തുകയും ചെയ്യുന്നു.

അദ്ധ്യായം 2

'ഇടശ്ശേരിയുടെ കഥാകാവ്യങ്ങൾ' എന്ന രണ്ടാം അദ്ധ്യായത്തിൽ ഇടശ്ശേരിയുടെ കഥാകാവ്യങ്ങളെ അപഗ്രഥിച്ച് പഠിക്കുകയാണ് ചെയ്തിരിക്കുക. ഇടശ്ശേരിയുടെ വിപുലമായ കഥാകാവ്യലോകത്തെ പത്ത് കഥാകാവ്യങ്ങൾ പ്രാതിനിധ്യസ്വഭാവേന തിരഞ്ഞെടുത്ത് പഠനവിധേയമാക്കിയിരിക്കുന്നു. ആശയതലം, ആഖ്യാനതലം എന്നിങ്ങനെ രണ്ടായി തിരിച്ചാണ് പഠനം നടത്തിയിരിക്കുന്നത്. ആശയതലത്തിൽ കഥാകാവ്യപ്രമേയം, കഥാപാത്രസൃഷ്ടിയിലെ മികവ്, കവിയുടെ കാവ്യാദർശം എന്നിവയും; ആഖ്യാനതലത്തിൽ ആഖ്യാനരീതി, കാവ്യബിംബങ്ങളുടെ തിരഞ്ഞെടുപ്പ്, കാവ്യശൈലി എന്നിവയും സൂക്ഷ്മമായി പഠനവിധേയമാക്കിയിരിക്കുന്നു.

സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെയും, നവോത്ഥാനത്തിന്റെയും കാലഘട്ടത്തിൽ ജീവിച്ച ഇടശ്ശേരിയെ 'ഗാന്ധിസവും മാർക്സിസവും' മാനവികദർശനങ്ങളും സ്വാധീനിച്ചു. കർമ്മസിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിച്ച ഇടശ്ശേരി കഥാകാവ്യരചനയിൽ വൈവിധ്യം നിറഞ്ഞ പ്രമേയങ്ങൾ തിരഞ്ഞെടുത്തു. സാമൂഹ്യമനുഷ്യന്റെ ബന്ധവൈചിത്ര്യങ്ങളിലാണ് ഇടശ്ശേരിക്കവിത അഭിരമിച്ചിരുന്നത്. ഗാർഹികജീവിതവും, ജീവിതദുഃഖങ്ങളും ആ കവിതകളിൽ പ്രമേയമായി കടന്നു

വന്നു. 'ഇടച്ചേരി'ക്കാരായ കഥാപാത്രങ്ങളെയാണ് സൃഷ്ടിച്ചതെങ്കിലും അവർ കർമ്മവീര്യം സൂക്ഷിച്ച കരുത്തുറ്റ നായികാനായകന്മാരായിരുന്നു. ജീവിതത്തിന്റെ പ്രായോഗികതയിൽ വിശ്വസിച്ച ഇടശ്ശേരി കാർഷികസംസ്ക്കാരത്തിന്റെ വക്താവായിരുന്നു. ജന്മിത്തവും പാട്ടജപ്തിയും പോലുള്ള ദുഷ്ട വ്യവസ്ഥിതിയെ മാറ്റിമറിക്കാനുള്ള തന്റേടം കർഷകവർഗ്ഗത്തിനു പകരാൻ ഇടശ്ശേരിക്ക് തന്റെ കഥാകാവ്യങ്ങളിലൂടെ കഴിഞ്ഞു. വള്ളത്തോൾ പാരമ്പര്യത്തെ പിന്തുടർന്ന ഇടശ്ശേരി പിന്നീട് സ്വന്തമായ ഒരു കാവ്യശൈലി രൂപപ്പെടുത്തി. ലാളിത്യവും പാരുഷ്യവും ഇടകലർന്ന ഒരു രചനാരീതിയാണ് അദ്ദേഹം കൈക്കൊണ്ടത്. കാവ്യബിംബങ്ങളുടെ നിറസമൃദ്ധിയാണ് ഇടശ്ശേരിക്കവിതയിൽ കാണുന്നത്. നാടൻ പദങ്ങളും, പ്രാദേശിക പദങ്ങളും, പഴഞ്ചൊല്ലുകളും നിറഞ്ഞ ഇടശ്ശേരിക്കവിതകളിൽ ഒരു നാടോടിത്തം നിറഞ്ഞുനിന്നിരുന്നു. കഥാകാവ്യരചനാ സവിശേഷതകൾ പുലർത്തിയവയായിരുന്നു ഇടശ്ശേരിയുടെ കഥാകാവ്യങ്ങൾ.

അദ്ധ്യായം 3

'ഒളപ്പമണ്ണയുടെ കഥാകാവ്യലോകം' എന്ന മൂന്നാം അദ്ധ്യായത്തിൽ ഒളപ്പമണ്ണയുടെ കാവ്യസംഭാവനകളും കവിയുടെ ജീവിത കാലഘട്ടവും പഠിക്കാൻ ശ്രമിച്ചിരിക്കുന്നു. തുടർന്ന് ഒളപ്പമണ്ണയുടെ ശ്രദ്ധേയങ്ങളായ പതിനൊന്ന് കഥാകാവ്യങ്ങളെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുന്നു. ഐന്ദ്രിയാനുഭൂതിയുടെ വ്യത്യസ്ത തലങ്ങൾ ഭാവതീവ്രമായി ആവിഷ്ക്കരിക്കുന്നവയാണ് ഒളപ്പമണ്ണക്കവിതകൾ. കവിയുടെ ഗ്രാമവും അതിന്റെ ചുറ്റുപാടുമുള്ള ജനങ്ങളും നിറഞ്ഞതാണ് ഒളപ്പമണ്ണയുടെ കഥാകാവ്യലോകം. ശബ്ദാഡംബരങ്ങളിൽനിന്നും ബാഹ്യാലങ്കാരങ്ങളിൽനിന്നും മാറിനിന്ന് കവി അർത്ഥസമ്പുഷ്ടമായ ബിംബാവലി

സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെയും സവിശേഷമായി വള്ളുവനാടിന്റെയും പാരമ്പര്യവിശേഷങ്ങൾ ഉൾക്കൊണ്ട കവി ദുഃഖത്തിന്റെ അനന്തവിചിത്രമുഖങ്ങൾ അനാവരണം ചെയ്തു. തന്റെ കഥാകാവ്യങ്ങളെ അദ്ദേഹം വികാരവിമലീകരണത്തിനും ഹൃദയശുദ്ധീകരണത്തിനുമുള്ള മാധ്യമമാക്കി. നങ്ങേമക്കുട്ടിയിലും പാഞ്ചാലിയിലുമൊക്കെ ഇതാണ് കണ്ടെത്തുന്നത്. വ്യക്തികളുടെ കഥയിലൂടെ സമൂഹത്തിന്റെ ചിത്രം അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. ആശയതലത്തിലും ആഖ്യാനതലത്തിലും ഒളപ്പമണ്ണക്കവിത പുലർത്തുന്ന സവിശേഷതകളെ കൃത്യമായി കണ്ടെത്താൻ ഈ അദ്ധ്യായത്തിൽ ശ്രമിച്ചിരിക്കുന്നു. മനുഷ്യരോടുള്ള സഹാനുഭൂതി തിര്യക്കുകളിലേയ്ക്ക് വ്യാപരിച്ചതാണ് ആനമുത്ത്. സാധാരണക്കാരായ കഥാപാത്രങ്ങളിലൂടെ മനുഷ്യജന്മത്തിന്റെ അനന്തമായ വ്യാഖ്യാനസാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കാൻ ഒളപ്പമണ്ണയ്ക്ക് കഴിഞ്ഞു. ലഘുവർണ്ണനയിലൂടെ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ആഖ്യാനരീതിയാണ് ഒളപ്പമണ്ണ സ്വീകരിച്ചത്. സ്വന്തമായ ബിംബങ്ങൾ സ്വീകരിച്ച് മലയാള കവിതയ്ക്ക് ഒരു നൂതനകാവ്യശൈലി അദ്ദേഹം നല്കി. ഒളപ്പമണ്ണക്കവിതയുടെ അടിസ്ഥാനഭാവം സഹാനുഭൂതിയായിരുന്നു. നാടൻപാട്ടിന്റെ ശൈലിയും ശ്രുതിയും സ്വീകരിച്ച കവി കഥാകാവ്യഘടകങ്ങളെ കവിതയിൽ ചേർത്തിണക്കി.

അദ്ധ്യായം 4

'ഒ.എൻ.വി.യും കഥാകാവ്യങ്ങളും' എന്ന നാലാം അദ്ധ്യായത്തിൽ ഒ.എൻ.വി.യുടെ പത്ത് കഥാകാവ്യങ്ങളെ വിശദപഠനത്തിന് വിധേയമാക്കിയിരിക്കുന്നു. മനുഷ്യന്റെ വിവിധ ജീവിതാവസ്ഥകളോടുള്ള പ്രതികരണമായിരുന്നു ഒ.എൻ.വി.യ്ക്ക് കവിത. അദ്ദേഹത്തിന്റെ കാവ്യലോകത്ത് വിവിധ ഘട്ടങ്ങൾ

കാണാം. വൈയക്തികാനുഭൂതികളും സാമൂഹ്യപ്രശ്നങ്ങളും, വിശ്വമാനവികതയും വിവിധ കാലഘട്ടങ്ങളിൽ ആ കവിതയിൽ നിറഞ്ഞുനിന്നു. അവതരണത്തിന്റെ പുതുമയിലും, ഭാവാവിഷ്ക്കരണത്തിലും മികച്ചവയാണ് ഒ.എൻ.വി.യുടെ കഥാ കാവ്യങ്ങൾ. ഇതിഹാസപുരാണസന്ദർഭങ്ങൾക്ക് സമകാലിക പശ്ചാത്തലത്തിൽ പുനരാഖ്യാനം നൽകാൻ അദ്ദേഹം കഥാകാവ്യങ്ങളിലൂടെ ശ്രമിച്ചു. ദുർബലരുടെ പക്ഷം ചേർന്ന കവിയെയാണ് അദ്ദേഹത്തിന്റെ കഥാകാവ്യങ്ങളിൽ കാണുക. സ്ത്രീയെ ചൂഷണം ചെയ്യുന്ന സാമൂഹിക വ്യവസ്ഥിതിയെ അവ നിശിതമായി വിമർശിച്ചു. വ്യക്തിദുഃഖത്തെ സമകാലിക സാമൂഹിക ദുരന്തവുമായി ബന്ധിപ്പി ക്കാൻ ഒ.എൻ.വി. തന്റെ കഥാകാവ്യങ്ങളിലൂടെ ശ്രമിച്ചു. മറ്റുള്ളവർക്കുവേണ്ടി ജീവിതഭാരം പേറുന്ന ബലിരൂപങ്ങളായിരുന്നു ഒ.എൻ.വി.യുടെ കഥാപാത്രങ്ങൾ. ആഖ്യാനരീതിയുടെയും കാവ്യരചനയുടെയും നൂതനശൈലികൾ തന്റെ കവിത കളിൽ പരീക്ഷിക്കാൻ അദ്ദേഹം ശ്രമിച്ചു. ദൃശ്യബിംബങ്ങളുടെ നിറവ് ആ കാവ്യ ങ്ങളിൽ കാണാം. ലാളിത്യവും സംഗീതാത്മകതയും നിറഞ്ഞ ഒ.എൻ.വി.യുടെ കഥാകാവ്യങ്ങൾ നാടകീയതയും പദസൗകുമാര്യവും നിറഞ്ഞവയായിരുന്നു.

അദ്ധ്യായം 5

'രചനയുടെ വഴികൾ' എന്ന അഞ്ചാം അദ്ധ്യായത്തിൽ ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി. എന്നീ മൂന്നുകവികളുടെയും കഥാകാവ്യങ്ങളുടെ സാജാത്യവൈജാത്യ ങ്ങൾ കണ്ടെത്തി താരതമ്യപ്പെടുത്തുവാൻ ശ്രമിച്ചിരിക്കുന്നു. ആശയതലം, ആഖ്യാനതലം എന്നീ രണ്ടു വിഭാഗങ്ങളിലായിട്ടാണ് പഠനം നടത്തിയിരിക്കുന്നത്. കവി തിരഞ്ഞെടുക്കുന്ന പ്രമേയം, കഥാപാത്രങ്ങൾ, കവിതാദർശനം എന്നിവയാണ് ആശയതലത്തിൽ താരതമ്യ വിധേയമാക്കിയിരിക്കുന്നത്. കവികളുടെ ജീവിത

വീക്ഷണവും കാവ്യസങ്കല്പങ്ങളുമാണ് പ്രമേയ സ്വീകരണത്തിന് അടിസ്ഥാനമായി ഭവിച്ചത്. ഇടശ്ശേരിക്ക് കവിത സ്വന്തം ജീവിതമായിരുന്നു. ഒളപ്പമണ്ണയ്ക്ക് കവിത സ്വന്തം ജനനവും ഒ.എൻ.വി.യ്ക്ക് ജീവിത വെളിച്ചവുമായിരുന്നു. മൂന്നു കവികളും ജീവിതദുഃഖത്തെപ്പറ്റിയാണ് എഴുതിയത്. അനാർഭാടമായ ലളിത കല്പനകളിലൂടെ ഭാവചൈതന്യം പകരാൻ ഇടശ്ശേരിക്കു കഴിഞ്ഞു. മൂന്നു കവികളുടെയും ജീവിതവീക്ഷണങ്ങളിലെ സമാനത അവരെ ബഹിർമ്മുഖകവികളാക്കി മാറ്റി. മുവരുടെയും ആദ്യകാലകവിതകളിൽ വിപ്ലവജ്വാല കണ്ടെത്താം. തങ്ങൾകണ്ട വൈവിധ്യം നിറഞ്ഞ ജീവിതത്തെയാണ് ഇടശ്ശേരിയും ഒളപ്പമണ്ണയും പ്രമേയമാക്കിയത്. സമകാലിക പ്രസക്തിയുള്ള പ്രമേയങ്ങളോടൊപ്പം, പൗരാണിക ഇതിവൃത്തങ്ങളെയും ഒ.എൻ.വി. സ്വീകരിച്ചു. സമകാലിക സമൂഹത്തിന്റെ ദുരന്തമുഖം കഥാകാവ്യങ്ങളിലൂടെ അനാവരണം ചെയ്യാൻ ഇവർക്ക് കഴിഞ്ഞു. ഇടശ്ശേരിയുടെയും ഒളപ്പമണ്ണയുടെയും കഥാകാവ്യങ്ങളിൽ ഗാർഹിക പ്രമേയങ്ങൾ ധാരാളമായി കടന്നുവന്നിട്ടുണ്ട്. ഈ മൂന്നു കവികളും തങ്ങളുടെ കഥാകാവ്യങ്ങളിലൂടെ സ്ത്രീപക്ഷം ചേരാൻ ശ്രമിച്ചു. സാധാരണക്കാരോ, പാർശ്വവല്ക്കരിക്കപ്പെട്ടവരോ ആയ കഥാപാത്രങ്ങളെയാണ് ഇവരുടെ കഥാകാവ്യങ്ങൾ ഏറിയകുറും സ്വീകരിച്ചത്. ഇടശ്ശേരിയുടെ നായികമാർ ജീവിതത്തിന്റെ പ്രതിസന്ധികളെ ധീരമായി നേരിട്ടവരാണ്. നായകർ അസാധാരണ വ്യക്തിത്വം പുലർത്തിയവരെങ്കിലും സ്ത്രീകഥാപാത്രങ്ങളെ വെല്ലുന്ന ധീരത പ്രകടിപ്പിക്കുന്നില്ല. ഒളപ്പമണ്ണയും സാധാരണ കഥാപാത്രങ്ങളിലൂടെ മനുഷ്യജന്മത്തിന്റെ അനന്തമായ വ്യാഖ്യാന സാധ്യതകൾ നിർദ്ധാരണം ചെയ്യുന്നു. കാളിദാസഭാവനയുടെ തിളക്കം ഒ.എൻ.വി.യുടെ കഥാപാത്ര സങ്കൽപ്പത്തിലുണ്ട്. രണ്ടുതരം കഥാപാത്രങ്ങളെയാണ് ഒ.എൻ.വി. കവിതയിൽ കാണുന്നത്. ഒന്ന്; നാടിന്റെ നന്മയും വിശുദ്ധിയും പേറുന്ന സാധാരണ

മനുഷ്യൻ. മറ്റൊന്ന് നഗരത്തിന്റെയും ഉപഭോഗസംസ്ക്കാരത്തിന്റെയും അധികാരത്തിന്റെയും മത്തുപിടിച്ച അധീശത്വവർഗ്ഗം. നിസ്വജനങ്ങളുടെ പ്രതിനിധികളും ഈ കവിതയിൽ കടന്നുവരുന്നു.

ഉന്നതമായ കാവ്യാദർശം കവിതകളിൽ ഇവർ സൂക്ഷിച്ചു. ഇടശ്ശേരിയുടെ കാഴ്ചപ്പാടിൽ മനുഷ്യന്റെ നന്മയാണ് എല്ലാറ്റിന്റെയും കേന്ദ്രം. ജീവിതദുഃഖങ്ങളെ കർമ്മത്തിന് രുചികൂട്ടുന്ന ഉപ്പായി കാണാനാണ് കവി പഠിപ്പിക്കുന്നത്. കർമ്മസിദ്ധാന്തത്തിലൂടെ ഭൗതികതലത്തിൽനിന്ന് ആദ്ധ്യാത്മിക തലത്തിലേയ്ക്ക് ഇടശ്ശേരിക്കവിത വ്യാപരിക്കുന്നു. ജീവിതപ്രേമമായിരുന്നു ഒളപ്പമണ്ണയുടെ മൗലിക ഭാവം. ഗ്രാമീണപ്രകൃതിയെയും പ്രകൃതിയിൽ കുടികൊള്ളുന്ന ആന്തരചൈതന്യത്തെയും വെളിച്ചമായി സ്വീകരിച്ച ഒളപ്പമണ്ണയുടെ ഏറ്റവും വലിയ ദർശനം അണുമാത്രയിലെ പ്രപഞ്ചദർശനമാണ്. ആർഷഭാരതീയതയെ വിഭാഗീയതയായി കാണാതെ ആദർശസമഗ്രതയായി കാണാൻ ഒളപ്പമണ്ണയ്ക്കു കഴിഞ്ഞു. മാനവികതയുടെ ചൈതന്യമാണ് ഒ.എൻ.വി. കവിതകളിൽ നിറഞ്ഞുനിൽക്കുന്നത്. കവിതയെ വിവിധ മനുഷ്യാവസ്ഥകളോടുള്ള പ്രതികരണമായി കവി കാണുന്നു. കവിതയെ ജീവിത വെളിച്ചമായി കാണുന്ന കവി അതിലൂടെ ഒരു സാമൂഹിക ഉയിർത്തെഴുന്നേല്പിന്റെ ഭാവങ്ങൾ പുനഃസൃഷ്ടിയ്ക്കുന്നു.

ആഖ്യാനതലത്തിൽ ആഖ്യാനരീതി, കാവ്യബിംബം, കാവ്യശൈലി എന്നിവ അടിസ്ഥാനമാക്കിയാണ് താരതമ്യപഠനം നടത്തിയത്. ലാളിത്യവും, വസ്തുനിഷ്ഠതയും സംവേദനക്ഷമതയും പുലർത്തുന്ന ആഖ്യാനരീതിയാണ് ഇടശ്ശേരി സ്വീകരിച്ചത്. സഹൃദയമനസ്സിനെ കണ്ടറിഞ്ഞുകൊണ്ടുള്ള രചനാതന്ത്രമായിരുന്നു ഇടശ്ശേരിയുടേത്. അധികവർണനയില്ലാത്ത അഗാധമായ ഹൃദയസംഘർഷം പേറുന്ന കഥാപാത്രാവിഷ്ക്കരണം കൊണ്ട് ആഖ്യാനം നിർവ്വഹിച്ചിരിക്കുകയാണ്

ഒളപ്പമണ്ണ. നിഷ്കളങ്കതയുടെയും സാത്വികതയുടെയും പരിവേഷം നൽകുന്ന കഥന രീതിയാണ് ഒളപ്പമണ്ണ സ്വീകരിച്ചത്. സാധാരണ ജീവിതത്തിനുതന്നെ അസാധാരണമായ അനുഭവചൈതന്യം പകരാൻ ഒളപ്പമണ്ണയുടെ ആഖ്യാനത്തിനു കഴിഞ്ഞു. പദത്തിന്റെയും ശൈലിയുടെയും വളച്ചുകെട്ടില്ലാത്ത തെളിഞ്ഞ ആഖ്യാനമാണ് ഒ.എൻ.വി. കവിതകളിൽ കാണുക. ഒ.എൻ.വി. എഴുതുമ്പോൾ കഥാസന്ദർഭത്തിനൊത്ത് വാക്കുകൾ വരെ വശീകരണക്ഷമമാവുന്നു. അനുയോജ്യമായ കാവ്യബിംബങ്ങൾകൊണ്ട് വാങ്മയചിത്രം രചിക്കാൻ മൂന്നുകവികളും ശ്രമിച്ചിരിക്കുന്നു. കാവ്യശൈലിയിൽ തനതായ വ്യക്തിത്വം സൂക്ഷിച്ചവരാണ് മൂന്നു കവികളും. ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി. എന്നീ മൂന്നുകവികളുടെയും രചനാസവിശേഷതകളെ വിലയിരുത്തി കഥാകാവ്യനിർമ്മാണത്തിലെ വ്യത്യസ്ത സാധ്യതകളെ സാഹിത്യലോകത്തിനു തുറന്നു കാട്ടാൻ ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നു.

അദ്ധ്യായം 6

അവസാനത്തെ അദ്ധ്യായം ഉപസംഹാരമാണ്. ഈ അദ്ധ്യായത്തിൽ മലയാള കഥാകാവ്യങ്ങളെയും, ഇടശ്ശേരി, ഒളപ്പമണ്ണ, ഒ.എൻ.വി. എന്നീ പ്രമുഖകവികളുടെ കഥാകാവ്യങ്ങളെ സവിശേഷമായും അടിസ്ഥാനപ്പെടുത്തി നടത്തിയ സവിസ്തര പഠനത്തിന്റെ നിഗമനങ്ങളും കണ്ടെത്തലുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ഥാപിതധാരണകൾ മാറ്റിവച്ച് കഥാകാവ്യമെന്ന കാവ്യരൂപത്തിന്റെ സാധ്യതകൾ ഈ മൂന്നുകവികളും എങ്ങനെ പ്രയോജനപ്പെടുത്തിയെന്ന് തിരിച്ചറിയാനും കഥാകാവ്യങ്ങളുടെ പ്രസക്തി ബോധ്യപ്പെടുത്താനും പര്യാപ്തമാണ് ഈ പഠനമെന്ന് ഗവേഷണ നിഗമനങ്ങൾ വെളിപ്പെടുത്തുന്നു. ഏറ്റവും അവസാനമായി പഠനത്തിന് ആധാരമാക്കിയ വിവിധ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥസൂചിയും ചേർത്തിരിക്കുന്നു.